# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

## ഹാജർ ജീവൻബാബു കെ. ഐ.എ.എസ്.

വിഷയം : പൊതുവിദ്യാഭ്യാസം-വിദ്യാരംഗം, ശാസ്ത്രരംഗം എന്നിവയുടെ പ്രവർത്തനങ്ങൾ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി തലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 27-12-2019-ലെ സർഗോത്സവവേദിയിലെ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനം.

**ഉത്തരവു നമ്പർ വി.ആർ. 9677/20 ഡി.ജി.ഇ. തീയതി 15.02.2021**

പൊതുവിദ്യാഭ്യാസവകുപ്പ് ഹൈസ്കൂൾതലംവരെയുള്ള വിദ്യാർത്ഥികളുടെ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാനായി വിദ്യാരംഗം കലാസാഹിത്യവേദി എന്ന സംഘടനയ്ക്ക് രൂപം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകൾ പരിപോഷിപ്പിക്കുക എന്നതാണ് കലാസാഹിത്യവേദിയുടെ ലക്ഷ്യം. നിരവധി ശില്പശാലകളിലൂടെയും മത്സരരഹിതമായ മൂല്യനിർണ്ണയ രീതികളിലൂടെയുമാണ് കലാസാഹിത്യവേദി പ്രവർത്തിച്ചുവരുന്നത്. വിദ്യാർത്ഥികളുടെ ശാസ്ത്രീയചിന്തയും യുക്തിബോധവും വളർത്തുക എന്ന ലക്ഷ്യത്തോടെ ശാസ്ത്രരംഗം പദ്ധതിയും സ്കൂളുകളിൽ നടന്നുവരുന്നു.

പൊതുവിദ്യാഭ്യാസവകുപ്പ് ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയെക്കൂടെ ഉൾപ്പെടുത്തി ഒറ്റവകുപ്പായി പ്രവർത്തനം തുടരുന്ന സാഹചര്യത്തിൽ വിദ്യാരംഗം, ശാസ്ത്രരംഗം എന്നിവയുടെ പ്രവർത്തനങ്ങൾ മുകൾത്തട്ടിലേക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം നിരവധി മേഖലകളിൽനിന്ന് ഉയർന്നുവരികയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സൂചനപ്രകാരം വിദ്യാരംഗം, ശാസ്ത്രരംഗം എന്നിവയുടെ പ്രവർത്തനങ്ങൾ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകളിലേക്ക് വ്യാപിപ്പിച്ചുകൊണ്ടുള്ള ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ വിദ്യാരംഗം കലാസാഹിത്യവേദിയുടെയും ശാസ്ത്രരംഗത്തിന്റെയും പ്രവർത്തനങ്ങൾ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിലേക്കു കൂടി വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യം ബോധ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2021–22 അധ്യയനവർഷം മുതൽ വിദ്യാരംഗം കലാസാഹിത്യവേദിയുടെയും ശാസ്ത്രരംഗത്തിന്റെയും പ്രവർത്തനങ്ങൾ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിലേക്ക് വ്യാപിപ്പിച്ച് ഉത്തരവാകുന്നു.

വിദ്യാരംഗം എഡിറ്റർ വിദ്യാരംഗം കലാസാഹിത്യവേദിയുടെയും ശാസ്ത്രരംഗത്തിന്റെയും പ്രവർത്തനങ്ങൾക്കായുള്ള നിലവിലെ മാർഗരേഖ പരിഷ്ക്കരിച്ച് പ്രവർത്തനപദ്ധതി തയ്യാറാക്കേണ്ടതാണ്.

**ജീവൻബാബു കെ. ഐ.എ.എസ്.**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1. ജോയിന്റ് ഡയറക്ടർ (അക്കാദമിക്) ഹയർ സെക്കന്ററി
2. ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ) വി.എച്ച്.എസ്.ഇ. ഡയറക്ടറേറ്റ്
3. എല്ലാ ആർ.ഡി.ഡിമാർക്കും (എച്ച്.എസ്.എസ്. ഡയറക്ടറേറ്റ് മുഖാന്തരം)
4. എല്ലാ പ്രിൻസിപ്പൾമാർക്കും (എച്ച്.എസ്.എസ്. ഡയറക്ടറേറ്റ് മുഖാന്തരം)
5. എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ.
6. KITE (for publishin in Website)
7. എല്ലാ സ്കൂളുകൾക്കും (DDE മുഖേന).